**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലിനീകരണ നിയന്ത്രണ ബോർഡിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സജീവ് ജോസഫ്</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജീവനക്കാരുടെ എണ്ണം പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;</td><td>(എ)</td><td>മലിനീകരണ നിയന്ത്രണ ബോർഡിൽ 03-10-2016ലെ സ.ഉ.(കൈ)നം.8/2016/പരി സർക്കാർ ഉത്തരവ് പ്രകാരം 109 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.
<table>
<tr><th><u>തസ്തികകൾ</u></th><th><u>എണ്ണ</u></th></tr>
<tr><td>ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ</td><td>1</td></tr>
<tr><td>എൻവയോൺമെന്റൽ എഞ്ചിനീയർ</td><td>1</td></tr>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ</td><td>51</td></tr>
<tr><td>അസിസ്റ്റന്റ് സയന്റിസ്റ്റ്</td><td>12</td></tr>
<tr><td>ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്</td><td>8</td></tr>
<tr><td>അസിസ്റ്റന്റ്</td><td>26</td></tr>
<tr><td>കമ്പ്യൂട്ടർ അസിസ്റ്റന്റ്</td><td>10</td></tr>
<tr><td>ആകെ</td><td>109</td></tr>
</table></td></tr>
<tr><td>(ബി)</td><td>2023 നവംബറിൽ ദേശീയ ഹരിത ട്രിബ്യൂണൽ പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(ബി)</td><td>സമർപ്പിച്ചിട്ടില്ല.</td></tr>
<tr><td>(സി)</td><td>മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനത്തിൽ ഏറ്റവും നിർണായകമായ ലബോറട്ടറി പരിശോധനകൾ നടത്തുന്ന സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ളത്;</td><td>(സി)</td><td>നിലവിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും അവ നികത്തുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.</td></tr>
<tr><td>(ഡി)</td><td>ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;</td><td>(ഡി)</td><td>ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | കൂടുതൽ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രൊപ്പോസലുകൾ ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ